**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസം സംബന്ധിച്ച സമിതികളുടെ റിപ്പോർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനും സർക്കാർ നിയോഗിച്ച സമിതികളുടെ റിപ്പോർട്ടുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച സമിതികളുടെ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് നടപ്പിലാക്കുന്നതിന് വിദ്യാഭ്യാസ വിചക്ഷണരും സർവ്വകലാശാലാ പ്രതിനിധികളും ഉൾപ്പെട്ട ഈ രംഗവുമായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി ശില്പശാലകൾ നടത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്നതിന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിലെ അടിസ്ഥാനസൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | ഉന്നതവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | അദ്ധ്യാപനത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | അദ്ധ്യാപനത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ഡി) | ഓരോ സർവകലാശാലകൾക്കും പ്രത്യേകം ചാൻസലർമാരെ നിയോഗിക്കാൻ ആലോചനയുണ്ടോ; സർവകലാശാലകളുടെ ഭരണ സമിതികളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ചാൻസലർ നിയമനം സംബന്ധിച്ച ബിൽ പതിനഞ്ചാം സഭയുടെ 7-ാം സമ്മേളനത്തിന്റെ പരിഗണനയിലാണ്.<br><br>സർവ്വകലാശാലഭരണ സമിതികളിൽ മാറ്റം വരുത്തുന്നതിന് വിശദമായ ചർച്ചകൾക്ക് ശേഷം നടപടികൾ ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യങ്ങളും അക്കാ ദമിക സൗകര്യങ്ങളും മെച്ചപ്പെടുത്താ നുള്ള നിർദേശങ്ങൾ

കേരള സർക്കാർ ഗ്രോസ് എൻറോൾമെൻറ് റേഷ്യോ (GER) 75 ശതമാനം ആയി ഉയർത്തും എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ GER 38.8 മാത്രമാണ്. ഇന്ത്യയിൽ തന്നെ ഇത് ആറാമത്തെ സ്ഥാനമാണ്. 51.4 ശതമാനവുമായി തമിഴ്നാട് ഏറ്റവും മുന്നിലാണ്. ഡൽഹി (48%), പോണ്ടിച്ചേരി (46.3 %), ഉത്തരാഖണ്ഡ് (41.5 %), ഹിമാചൽ പ്രദേശ് (40.8 %) എന്നീ സംസ്ഥാനങ്ങളും കേരളത്തിന് മുന്നിലാണ്.

സമ്പന്ന രാഷ്ട്രങ്ങളിൽ GER 79.4 ശതമാനവും ഉയർന്ന മധ്യവർഗ്ഗ രാജ്യങ്ങളിൽ ഇത് 57.6 ശതമാനവും പൊതുവിൽ ഇത് 40.2 ശതമാനവും ആണ്. അമേരിക്ക (87.9 %), റഷ്യ (86.4 %), സ്വീഡൻ (77.3%), ജർമ്മനി (73 %), ഫ്രാൻസ് (68.3 %), ഇംഗ്ലണ്ട് (65.8), ചൈന (58.4 %), ബ്രസീൽ (55.1 %) എന്നിങ്ങനെയാണ് ആഗോളനില.

ജനസംഖ്യയിൽ 18 നും 23 നുമിടയിൽ പ്രായമുള്ള ഒരു ലക്ഷം ആൾക്കാർക്ക് 48 കോളേജുകളുമായി രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം. കർണാടകം (59), തെലുങ്കാന (53), ആന്ധ്രപ്രദേശ് (51), ഹിമാചൽ പ്രദേശ് (49) എന്നീ സംസ്ഥാനങ്ങൾ കേരളത്തിന് മുന്നിലുണ്ട്.

SC വിഭാഗത്തിൽ പുരുഷന്മാരുടെ GER 18.7 ശതമാനവും സ്ത്രീകളുടെ GER 34.8 ശതമാനവും ആണ്. ആകെ GER 26.7 ശതമാനം ആണ്. ഇത് പതിനൊന്നാം സ്ഥാനമാണ്. SC വിഭാഗത്തിലെ പുരുഷന്മാരുടെ GER ഉയർത്തുക എന്നത് സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്.

ST വിഭാഗത്തിൽ പുരുഷന്മാരുടെ GER 19.1 ശതമാനവും സ്ത്രീകളുടെ GER 28.7 ശതമാനവും ആണ്. ആകെ GER 24 ശതമാനം ആണ്. ഇത് എട്ടാം സ്ഥാനമാണ്. ST വിഭാഗത്തിലെ പുരുഷന്മാരുടെ GER ൽ സംസ്ഥാനം പതിനേഴാം സ്ഥാനത്താണ്.

പൊതുവിൽ പുരുഷന്മാരുടെ GER 32.9 ശതമാനവും സ്ത്രീകളുടെ GER 44.7 ശതമാനവും ആണ്. സ്ത്രീകളുടെ GER ൽ സംസ്ഥാനം അഞ്ചാം സ്ഥാനത്താണ്.

സർക്കാർ വിഭാവനം ചെയ്യുന്നതുപോലെ 75 ശതമാനമായി GER ഉയർത്തുന്നതിന് 18-23 പ്രായപരിധിയിൽ വരുന്ന 22 ലക്ഷം പേർക്ക് പഠനാവസരം ഒരുക്കേണ്ടതുണ്ട് . ഇത് നിലവിൽ പഠിക്കുന്ന 11.38 ലക്ഷം പേർക്ക് പുറമെ 10.62 ലക്ഷം പേർക്ക് കൂടി പഠനാവസരം ലഭിക്കുമ്പോഴാണ്. ഇതിൽ 6.2 ലക്ഷം പുരുഷന്മാരും 4.4 ലക്ഷം സ്ത്രീകളും ആയിരിക്കണം. 1.3 ലക്ഷം SC വിഭാഗത്തിൽ പെട്ടവരും (76575 പുരുഷന്മാർ, 54063 സ്ത്രീകൾ) 23856 പേർ ST വിഭാഗത്തിൽ പെട്ടവരും (12745 പുരുഷന്മാർ,11101 സ്ത്രീകൾ) ആയിരിക്കണം.

60 ശതമാനമായി GER ഉയർത്തുന്നതിന് 18-23 പ്രായപരിധിയിൽ വരുന്ന 6.2 ലക്ഷം പേർക്ക് കൂടി പഠനാവസരം ലഭിക്കേണ്ടതുണ്ട്. ഇതിൽ 3.9 ലക്ഷം പുരുഷന്മാരും 2.2 ലക്ഷം സ്ത്രീകളും ആയിരിക്കണം. 90075 പേർ SC വിഭാഗത്തിൽ പെട്ടവരും (56173 പുരുഷന്മാർ, 33890 സ്ത്രീകൾ) 16839 പേർ ST വിഭാഗത്തിൽ പെട്ടവരും (9325 പുരുഷന്മാർ, 7504 സ്ത്രീകൾ) ആയിരിക്കണം.

GER ഉയർത്തുമ്പോൾ പ്രാദേശിക സമത്വം കൂടി പരിഗണിക്കേണ്ടതുണ്ട്. മലബാർ മേഖലയിൽ, പ്രത്യേകിച്ച് കാസർഗോഡ്,മലപ്പുറം, കണ്ണൂർ, പാലക്കാട് ജില്ലകളിൽ കൂടുതൽ കോളേജുകൾ വേണം.

SC/ST വിഭാഗങ്ങളുടെ ഉന്നതവിദ്യാഭ്യാസത്തിലെ പങ്കാളിത്തം വർധിപ്പിക്കാൻ കൂടുതൽ പ്രവർത്തനങ്ങൾ വേണം. പൂർണ സൗജന്യ വിദ്യാഭ്യാസവും താമസവും , തൊഴിൽ-നൈപുണ്യ

അധിഷ്ഠിത കോഴ്സുകൾ, നഗരങ്ങളിൽ കൂടുതൽ ഹോസ്റ്റലുകൾ, PhD പ്രോഗ്രാമുകളിലും നിയമാനുസൃത സംവരണം എന്നിവ നടപ്പിലാക്കണം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആൻഡ് എനേബിൾമെൻറ് എന്ന പേരിൽ ഒരു പഠനകേന്ദ്രം വയനാട് പോലെ ST വിഭാഗത്തിലുള്ളവർ ധാരാളം ഉള്ള ഒരു പ്രദേശത്ത് ആരംഭിക്കണം.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കണം . ജീവനക്കാരും ഭരണസംവിധാനത്തിലുള്ളവരും അവർ ചുമതലയേൽക്കുന്ന സമയത്ത് തന്നെ സ്ത്രീകൾ , ട്രാൻസ്‌വ്യക്തികൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവരുടെ നിയമപരമായ അവകാശങ്ങളെപ്പറ്റി ബോധനം നടത്തേണ്ടതാണ്.

### ഡിഗ്നിഫൈഡ് സ്റ്റുഡൻറ് ലൈഫ്

പ്രവേശനം വൈകുന്നത് മൂലവും തുല്യതാ സർട്ടിഫിക്കറ്റ് അടക്കമുള്ള തടസ്സങ്ങളുടെ പേരിലും വിദ്യാർത്ഥികളുടെ ജീവിതം ദുസ്സഹമാകുന്ന സാഹചര്യം നിലനിൽക്കുന്നു. വിദ്യാർത്ഥികൾക്ക് ഒരു അവകാശ പത്രിക സർവ്വകലാശാല നിയമത്തിൽ ഉൾപ്പെടുത്തണം. കൃത്യ സമയത്തും നീതിയുക്തമായും സേവനങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകണം. അല്ലെങ്കിൽ പരാതിപരിഹാരത്തിനും വീഴ്ചവരുത്തുന്നവരെ ശിക്ഷിക്കുന്നതിനും ഉള്ള നിയമങ്ങൾ ഉണ്ടാകണം. മാന്യമായ വിദ്യാർത്ഥി ജീവിതം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കണം.

- നിശ്ചിതമായ ഒരു അക്കാദമിക് കലണ്ടർ
- സമയനിഷ്ഠയോടെ മൂല്യനിർണ്ണയം, ഡിജിറ്റലായി സർട്ടിഫിക്കറ്റ് നൽകുന്ന സംവിധാനം
- സ്കോളർഷിപ്പുകൾ വർധിപ്പിക്കുക, കൃത്യസമയത്ത് നൽകുക
- ഹോസ്റ്റൽ സൗകര്യം വർധിപ്പിക്കുക
- കോഴ്സ് തിരഞ്ഞെടുക്കാനുള്ള വർദ്ധിച്ച സൗകര്യം
- വിദ്യാർത്ഥികൾക്ക് കോഴ്സുകൾ വിലയിരുത്താനുള്ള സൗകര്യം
- വിദ്യാർത്ഥികൾക്ക് അന്തർ-സർവ്വകലാശാല മാറ്റത്തിന് മാനദണ്ഡം രൂപീകരിക്കുക
- ഒരു പൊതു ക്രെഡിറ്റ് ബാങ്ക് സ്ഥാപിക്കുക
- അടിസ്ഥാന സൗകര്യ വികസനം
- സൗജന്യ ഇൻ്റർനെറ്റ് സൗകര്യം അവകാശമാക്കുക
- സ്റ്റേറ്റ് കരിയർ ഗൈഡൻസ് ആൻഡ് പ്ലേസ്മെൻ്റ് സെൽ സ്ഥാപിക്കുക, പ്രധാന കേന്ദ്രങ്ങളിൽ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക
- കേരള ഹയർ എജ്യുക്കേഷൻ ഫണ്ട് രൂപീകരിച്ച് 2000 (1500 യു.ജി., 500 പി.ജി) മെറിറ്റ്-കം-മീൻസ് ലോൺ സ്കോളർഷിപ്പുകൾ നൽകണം.
- കേരള ബാങ്കിൽ നിന്ന് വേഗത്തിൽ ലഭ്യമാകുന്ന വിദ്യാഭ്യാസ ലോൺ
- 5 വർഷം ലഭിക്കുന്ന 100 റിസേർച്ച് ഫെല്ലോഷിപ്പുകൾ (യുജിസി / സിഎസ്ഐആർ ഫെലോഷിപ്പിന് സമം)
- 15000 രൂപയിൽ കുറയാത്ത നോൺ -നെറ്റ് ഫെലോഷിപ്പ് മറ്റെല്ലാ ഗവേഷണ വിദ്യാർത്ഥികൾക്കും
- ഇന്ത്യയിലും പുറത്തും കോൺഫെറൻസുകളിൽ പങ്കെടുക്കുന്നതിന് ട്രാവൽ ഫണ്ട്
- ഗവേഷണം അടക്കമുള്ള പ്രവർത്തനങ്ങളിൽ പ്രശ്നപരിഹാരത്തിന് സമിതികൾ
- ഉന്നതവിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കുന്ന പരസ്പരം തുല്യത നൽകാവുന്ന കോഴ്സുകളുടെ ഒരു പൊതു പട്ടിക
- വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും ആയ ആരോഗ്യത്തിന് വെൽനെസ്സ് സെൻ്ററുകളും ഹെൽപ്പ് ലൈനുകളും
- ഭിന്നശേഷി വിദ്യാർത്ഥികൾക്കായി പ്രത്യേക സൗകര്യങ്ങൾ

### ഡിഗ്നിഫൈഡ് ടീച്ചർ ലൈഫ്

അധ്യാപകർക്ക് ഗവേഷണത്തിനോ പഠനപ്രക്രിയയിൽ എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവരുന്നതിനോ സഹായകരമായല്ല നിയമങ്ങൾ നിലനിൽക്കുന്നത് . KSR, കേരള ഫിനാൻഷ്യൽ കോഡ് എന്നീ നിയമങ്ങളുടെ പ്രയോഗവും തുല്യതയുമായി ബന്ധപ്പെട്ട

മാത്രമേ സംസ്ഥാനത്തിന് പുറത്തുള്ള ഗവേഷണത്തിലും അദ്ധ്യാപനത്തിലും മികവുള്ളവർ ഇവിടേക്ക് ആകർഷിക്കപ്പെടുകയുള്ളൂ.

- അസിസ്റ്റന്റ് പ്രൊഫസ്സർമാർക്ക് നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി ഉപേക്ഷിക്കണം..

**പാഠ്യപദ്ധതി പരിഷ്കരണം**

പഠിപ്പിക്കുന്ന അദ്ധ്യാപകൻ തന്നെയാകണം സിലബസ് രൂപീകരിക്കുന്നതും കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതും. അദ്ധ്യാപകൻ തന്നെയാകണം പരീക്ഷ നടത്തുന്നതും മൂല്യനിർണ്ണയം നടത്തുന്നതും. കാലാനുസൃതമായി വിജ്ഞാനത്തിന്റെ വളർച്ചയ്ക്ക് അനുയോജ്യമായി കോഴ്സുകൾ ഡിസൈൻ ചെയ്യാൻ സാധിക്കണം. കോഴ്സ് ഡിസൈൻ, സിലബസ് രൂപീകരണം, മൂല്യനിർണ്ണയം തുടങ്ങിയവ കോളേജുകളിലേയ്ക്ക് കൈമാറി കൊടുക്കേണ്ടതുണ്ട്. ഇത് ഘട്ടം ഘട്ടം ആയി മാത്രമേ സാധിക്കുകയുള്ളൂ. താഴെപ്പറയുന്ന പ്രധാന നിർദ്ദേശങ്ങൾ വയ്ക്കുന്നു:

- ക്രെഡിറ്റുകൾക്ക് പ്രാധാന്യം നൽകുക. വ്യത്യസ്ത കാലദൈർഘ്യത്തിൽ പ്രോഗ്രാമുകൾ പഠിച്ചു തീർക്കാൻ വിദ്യാർത്ഥികൾക്ക് ഇത് സഹായകം ആകും.

- കോഴ്സുകൾ ഇടയ്ക്കുവച്ച് തടസ്സപ്പെട്ടാലും ഒരു നിശ്ചിത കാലത്തിനുള്ളിൽ മടങ്ങി വരുന്നതിന് വിദ്യാർത്ഥികളെ അനുവദിക്കുക.
- നിരന്തരമായി ഉള്ളടക്കത്തിൽ മാറ്റം വരുത്തി ഏറ്റവും പുതിയ അറിവുകളെയും ഉൾക്കൊള്ളാൻ സിലബസ്സിനെ പര്യാപ്തമാക്കുന്ന വിധത്തിൽ പരിഷ്കരിക്കുന്നതിനും വിമർശനാത്മക പഠനവും ഇന്നവേഷനും പ്രാമുഖ്യം നൽകുന്നതിനും സാധിക്കണം.
- വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും താല്പര്യങ്ങൾ പ്രതിഫലിപ്പിക്കുന്ന ഇലക്റ്റീവ് കോഴ്സുകൾ ധാരാളമായി ഉൾപ്പെടുത്തുക.
- കോഴ്സ് ക്ലസ്റ്ററുകൾ നിശ്ചയിച്ച് അതിൽനിന്ന് ഒരു നിശ്ചിത ശതമാനം കോഴ്സ് നിർബന്ധിതമാക്കുക.
- മറ്റു പഠന വകുപ്പുകളിൽ നിന്ന് കൂടി കോഴ്സുകൾ തിരഞ്ഞെടുക്കാവുന്ന വിധത്തിൽ കോഴ്സുകളുടെ പരസ്പര-ബന്ധിത പട്ടിക തയ്യാറാക്കുക.
- ക്ലാസ്സ് സമയത്തിൽ സ്വാതന്ത്ര്യം നിലനിർത്തി ഇലക്റ്റീവ് ഉൾപ്പെടെ കൂടുതൽ കോഴ്സുകൾ എടുക്കാൻ സാഹചര്യമൊരുക്കുക.
- കോഴ്സുകൾ പഠിപ്പിക്കുന്ന അദ്ധ്യാപകർ തന്നെ പരീക്ഷ നടത്തി മൂല്യനിർണ്ണയം നടത്തുന്നതിനും ഇതിൽ ആവശ്യമായ നിയന്ത്രണസംവിധാനങ്ങൾ ഒരുക്കുന്നതിനും നടപടികളെടുക്കുക.
- യാന്ത്രികമായി അദ്ധ്യാപകരുടെ ജോലിഭാരം കണക്കാക്കുന്ന രീതിയിൽ മാറ്റം കൊണ്ടുവരിക. ഇലക്റ്റീവുകൾ കൂടി എടുക്കാൻ കഴിയുന്ന തരത്തിൽ ഒരു 10 മുതൽ 20 ശതമാനം വരെ ജോലിഭാരം ഒഴിച്ചിടുന്ന "വർക്ക് ലോഡ് കുഷ്യൻ" സമ്പ്രദായം സ്വീകരിക്കുക.
- അദ്ധ്യാപക നിയമനങ്ങൾ വർധിപ്പിക്കുക
- മറ്റ് സ്ഥാപനങ്ങളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും ഓൺ ലൈനിൽ കോഴ്സുകൾ ചെയ്യാനും അവയുടെ ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്തു കിട്ടാനും സംവിധാനം ഒരുക്കുക.
- ഉന്നതവിദ്യാഭാസ കൗൺസിലിന്റെ നേതൃത്വത്തിൽ ഒരു ക്രെഡിറ്റ് ബാങ്ക് സംവിധാനം ഏർപ്പെടുത്താവുന്നതാണ്.
- കരിക്കുലം, സിലബസ്, പുതുക്കിയ പരീക്ഷാ സമ്പ്രദായം ഇവയുടെ ഫലപ്രദമായ നടത്തിപ്പിന് അദ്ധ്യാപകരെ തയ്യാറാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ശേഷിവികസന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- **10 പുതുതലമുറ കോഴ്സുകൾ/പ്രോഗ്രാമുകൾ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലുള്ള തിരഞ്ഞെടുക്കപ്പെട്ട 50 കോളേജുകളിൽ/സർവ്വകലാശാലാ പഠനവകുപ്പുകളിൽ നടപ്പിലാക്കണം. 5 വർഷം പ്രോജക്റ്റ് രീതിയിൽ നടപ്പിലാക്കാം. അദ്ധ്യാപകരെ 5**

നിബന്ധനകളും പഠന-ഗവേഷണ പ്രവർത്തങ്ങൾ, സെമിനാറിലും അന്താരാഷ്ട്ര - അന്തർസർവ്വകലാശാലാ ഗവേഷണപ്രവർത്തങ്ങളിലുമുള്ള പങ്കാളിത്തം, അധ്യാപക നിയമനം തുടങ്ങി എല്ലാ മേഖലകളിലും അനാവശ്യ തടസ്സവും കാലതാമസവും ഉണ്ടാക്കുന്നുണ്ട്. പെൻഷൻ പ്രായം, ശമ്പള ഘടന, കോളേജുകളിൽനിന്ന് സർവ്വകലാശാലകളിലേക്ക് മാറുമ്പോൾ സർവീസ്, സീനിയോറിറ്റി, ശമ്പളം ഇവ സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ഇവയെല്ലാം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് അദ്ധ്യാപകർക്ക് അനുകൂലമല്ലാത്ത രീതിയിലാണ് ഇപ്പോൾ തുടരുന്നത്. അദ്ധ്യാപകരിൽ സ്വയംഭരണവും ഉത്തരവാദിത്വവും വർധിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു:

- ഇപ്പോൾ നിലനിൽക്കുന്ന ഗസ്റ്റദ്ധ്യാപക നിയമനം ഗുണമേന്മയെ ബാധിക്കുന്നതാണ് . ഫാക്കൽറ്റി നിയമനത്തിൽ സുതാര്യതയും ഗുണമേന്മയും ഉറപ്പാക്കണം.

- പുതിയ കോഴ്സുകൾ/പ്രോഗ്രാമുകൾ നടപ്പിലാക്കുമ്പോൾ 5 വർഷത്തേയ്ക്ക് പ്രോജക്ട് മോഡിൽ നടപ്പിലാക്കേണ്ടതാണ്. ഈ സമയത്ത് അദ്ധ്യാപകരെ 5 വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ പൂർണ ശമ്പളവും ഇൻക്രിമെന്റും അടക്കം നിയമിക്കേണ്ടതാണ്. ഈ സർവീസ് തുടർന്നുള്ള നിയമനത്തിനും മറ്റ് സർവീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കേണ്ടതാണ്.

- അദ്ധ്യാപക നിയമനത്തിൽ അഴിമതി നിലനിൽക്കുന്നതായി സ്ഥിരീകരിച്ചിട്ടില്ലാത്ത റിപ്പോർട്ടുകളുണ്ട്. ഇത് അദ്ധ്യാപനത്തിന്റെ മേന്മ കെടുത്തുന്നതാണ്. "ഉന്നത വിദ്യാഭ്യാസ അഴിമതി നിവാരണ നിയമം" നടപ്പിലാക്കണം.

- അദ്ധ്യാപകരെ കരിക്കുലം രൂപകൽപ്പന, കോഴ്സ് രൂപകൽപ്പന, ടീച്ചിങ്, മൂല്യനിർണയം എന്നിവയിൽ അദ്ധ്യാപകനെ വിശ്വാസത്തിലെടുത്തുകൊണ്ട് സ്വാതന്ത്രമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കണം.

- ഉന്നതവിദ്യാഭ്യാസത്തിന് മാത്രമായി ഒരു മാനുവൽ ഓഫ് അക്കാദമിക് അഡ്മിനിസ്ട്രേഷൻ, അക്കാദമിക് ഫിനാൻഷ്യൽ കോഡ്, ഉന്നത വിദ്യാഭ്യാസ സർവീസ് റൂൾസ് എന്നിവ നിയമാനുസൃതമായി നടപ്പിലാക്കണം.

- സർവ്വകലാശാലകൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ പരസ്പരബന്ധവും ആശയവിനിമയവും സുതാര്യവും വേഗത്തിലുള്ളതുമാക്കുന്നതിന് എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ERP) എല്ലാ സർവ്വകലാശാലകളിലും നടപ്പിലാക്കുകയും ഇതിന്റെ ഏകോപനത്തിനും നടത്തിപ്പിനും ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തേണ്ടതുമാണ്.

- ഗവേഷണപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ശക്തമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. റിസേർച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ സൗകര്യം, മറ്റ് സ്ഥാപനങ്ങളുമായി സഹകരിക്കുന്നതിനുള്ള സൗകര്യം, പ്രൊജക്റ്റുകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാൻ സാധിക്കുന്ന ഉന്നത വിദ്യാഭ്യാസ ഫണ്ടിന്റെ സ്ഥാപനം, രാജ്യാന്തരതലത്തിൽ പഠന-ഗവേഷണം ഏറ്റെടുക്കുന്നതിന് യാത്രയുൾപ്പെടെയുള്ള കാര്യങ്ങൾ സുഗമമാക്കുന്നതിനുള്ള നടപടികൾ , ഗവേഷണ മികവിന് അവാർഡുകൾ തുടങ്ങിയ നടപടികൾ ആലോചിക്കേണ്ടതാണ്.

- അദ്ധ്യാപകർക്ക് ശേഷി വികസനത്തിന് കോഴ്സുകൾ നടത്താനും പരിശീലനം നൽകുന്നതിനും ഉന്നതവിദ്യാഭ്യാസ കൗൺസിലിനു കീഴിൽ ഒരു സ്ഥിരം സ്ഥാപനം ആരംഭിക്കണം. ഉടൻ തന്നെ അദ്ധ്യാപകർക്ക് ഒരാഴ്ചത്തെ കോഴ്സ് നടത്താൻ കൗൺസിലിനെ ചുമതലപ്പെടുത്തണം.

- ശമ്പളത്തിലും പെൻഷൻ പ്രായത്തിലും സർവ്വകലാശാലകളിലെയും സർക്കാർ, എയ്ഡഡ് കോളേജുകളിലെയും അദ്ധ്യാപകർക്ക് തുല്യത നൽകണം. യു.ജി.സി യുടെ സർവീസ് ആനുകൂല്യങ്ങളും പെൻഷൻ പ്രായവും കേരളത്തിലും നടപ്പിലാക്കിയാൽ

**വർഷത്തേയ്ക്ക് ഒരു പേ സ്കെയിലിൽ നിയമിക്കാവുന്നതും രണ്ട് ബാച്ച് വിദ്യാർത്ഥികൾ പുറത്തിറങ്ങിയ ശേഷം ഒരു വിദഗ്ധസമിതിയുടെ സഹായത്തോടെ കോഴ്സ് തുടരേണ്ടതുണ്ടോ എന്ന് തീരുമാനിക്കാവുന്നതുമാണ്.**

**ഗവേഷണം**

- ഗവേഷണം ഉന്നതവിദ്യാഭ്യാസത്തിന്റെ നട്ടെല്ലാണ് . ഗവേഷണത്തിന് യോജിച്ച സംവിധാനങ്ങളും, പരിസ്ഥിതിയും ലഭ്യമാകുമ്പോഴാണ് ഗവേഷകർ പുതിയ അറിവിന്റെ സ്രഷ്ടാക്കളാകുക. അതിനാൽ കോളേജുകളോടും സർവ്വകലാശാലകളോടും ചേർന്ന് സ്വതന്ത്ര റിസേർച്ച് പാർക്കുകൾ സ്ഥാപിക്കണം . പൂർവ്വ വിദ്യാർത്ഥികൾ , ഉപയോക്താക്കൾ, പൊതുസമൂഹം ഇവരിൽ നിന്ന് കൂടി ഫണ്ട് ലഭ്യമാക്കാൻ സാധിക്കണം. സർവ്വകലാശാലകൾക്ക് സെക്ഷൻ 8 കമ്പനികൾ സ്ഥാപിക്കാനുള്ള അനുവാദം നൽകണം. അതിലൂടെ സ്വരൂപിക്കുന്ന പണം ഗവേഷണത്തിന് ഉപയോഗിക്കാൻ സാധിക്കണം.
- ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസേർച്ച്,ബംഗളൂരു, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി, പ്രിൻസ്റ്റൺ, യുഎസ്എ തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുടെ മാതൃകയിൽ ഒരു അന്താരാഷ്ട്ര സ്വയംഭരണ ഗവേഷണ സ്ഥാപനം സ്ഥാപിക്കണം.
- സർവ്വകലാശാലകളിൽ ട്രാൻസ് ഡിസ്സിപ്ലിനറി സെന്ററുകൾ ആരംഭിക്കണം. കേരളത്തിന്റെ സമഗ്രവികസനത്തിന് സഹായകമാകുന്ന വിഷയങ്ങളിൽ ഗവേഷണം നടത്തുകയായിരിക്കണം ഇവയുടെ ലക്ഷ്യം.
- സർവ്വകലാശാലകൾക്കകത്ത് സ്വതന്ത്രവും സ്വയംഭരണ സ്വഭാവം ഉള്ളതുമായ ഒരു നിര ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കണം.
- കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി പ്രഖ്യാപിക്കണം . അവയുടെ സമഗ്ര വികസനത്തിന് ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം.
- കേരള സെന്റർ ഫോർ അക്കാദമിക് കമ്പ്യൂട്ടിംഗ് എന്ന പേരിൽ സംസ്ഥാനത്തിന്റെ കമ്പ്യൂട്ടർ സംബന്ധ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന കേന്ദ്രം സ്ഥാപിക്കണം . കെഫോണുമായി ബന്ധിപ്പിച്ചാൽ സംസ്ഥാനത്തിന്റെ ഇത്തരം ആവശ്യങ്ങൾ നിർവഹിക്കാനും ഒരു റവന്യൂ മോഡലിൽ മറ്റ് സംസ്ഥാനങ്ങൾക്കും സേവനം നൽകാനും കഴിയും.
- അന്തർസർവ്വകലാശാല കേന്ദ്രങ്ങളുടെ ഒരു ശൃംഖല സ്ഥാപിക്കുകയും അതിൽ വിശകലനാത്മക പഠനത്തിനുള്ള 2 അഡ്വാൻസ്ഡ് കേന്ദ്രങ്ങൾ, കേന്ദ്രീകൃത ലബോറട്ടറി സൗകര്യം, ഒരു കേന്ദ്രീകൃത ഇലക്ട്രോണിക് ശൃംഖല എന്നിവ ഉണ്ട് എന്ന് ഉറപ്പ് വരുത്തുകയും വേണം.
- കോളേജ് തലത്തിൽ 50 ലക്ഷം രൂപയെങ്കിലും ചിലവിൽ സ്റ്റാർട്ടപ്പ് കേന്ദ്രങ്ങൾ ഉണ്ടാകണം. 5 വർഷം കൊണ്ട് 1000 കേന്ദ്രങ്ങളെങ്കിലും സ്ഥാപിക്കാൻ കഴിയണം. സീഡ് മണി നൽകുന്നതിന് ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കാവുന്നതാണ്.
- വിദ്യാർത്ഥികൾക്ക് ഗവേഷണ യാത്രകൾക്ക് സഹായം നൽകാൻ ഒരു യാത്രാ ഫണ്ട് രൂപീകരിക്കണം.
- ഗവേഷകരും ഗവേഷണ മേൽനോട്ടം വഹിക്കുന്നവരുമായ അദ്ധ്യാപകരെ എമെരിറ്റസ് പ്രൊഫസറായി തുടരാൻ അനുവദിക്കാം. സ്ഥാപനവുമായി നിയമപരമായ ബന്ധം തുടരുന്നതിനും ലൈബ്രറി,ഗവേഷണ ലാബുകൾ ഇവ തുടർന്നും ഉപയോഗിക്കുന്നതിനും അനുവാദം നൽകി പ്രത്യേകം സാമ്പത്തിക ബാധ്യതയില്ലാത്ത ഇത് നടപ്പിലാക്കാവുന്നതാണ്.
- ഗവേഷകരുടെയും ഗവേഷണ വിദ്യാർത്ഥികളുടേയും മികവിനെ വിസിറ്റിങ്ങ് പ്രൊഫസർഷിപ്പ്, ഗവേഷണ,യാത്രാ ഗ്രാന്റുകൾ ഇവ നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.
-

**സർവ്വകലാശാല-കോളേജ് ബന്ധം**

- സർവ്വകലാശാലകളും കോളേജുകളും തമ്മിലുള്ള ബന്ധത്തിൽ പൂർണ്ണമായ വികേന്ദ്രീകരണം നടപ്പിലാക്കണം. കോളേജുകളിലെ പരീക്ഷ നടത്തുന്ന കേന്ദ്രങ്ങളായി സർവ്വകലാശാലകൾ മാറാതിരിക്കണമെങ്കിൽ പരീക്ഷയുടെ ഭാരം കോളജുകളിലേയ്ക്ക് വികേന്ദ്രീകരിച്ച നൽകണം . ഇക്കാര്യത്തിൽ പരീക്ഷാ പരിഷ്ക്കരണ കമ്മീഷന്റെ നിലപാടുകളോട് യോജിക്കുന്നു.
- അടുത്ത പത്ത് വർഷം കൊണ്ട് പൂർണ ആന്തരിക മൂല്യനിർണയത്തിലേക്ക് മാറണം . അഫിലിയേറ്റഡ് കോളജുകളുടെ കോഴ്സ് രൂപീകരണം, സിലബസ് വികസനം, പരീക്ഷാ നടത്തിപ്പ് തുടങ്ങിയവയിൽ നിന്ന് സർവ്വകലാശാലകൾ പിൻവാങ്ങണം. ഇങ്ങനെ പ്രവർത്തിക്കാൻ അഫിലിയേറ്റഡ് കോളേജുകളെ പ്രാപ്തമാക്കാൻ അവയെ ശാക്തീകരിക്കേണ്ടതുണ്ട്. അക്കാദമിക് സ്വയം ഭരണവും ഗവേഷണസൗകര്യവും ഉള്ള കേന്ദ്രങ്ങളായി കോളേജുകളെ മാറ്റണം.
- ആദ്യ ഘട്ടമായി 20 സർക്കാർ കോളേജുകളെ തിരഞ്ഞെടുത്ത് "കോൺസ്റ്റിറ്റ്യുവന്റ് കോളേജ്" ആക്കി മാറ്റണം.
- രണ്ടാം ഘട്ടത്തിൽ എയ്ഡഡ് കോളേജുകളെയെയും ഉൾപ്പെടുത്തണം.
- NIRF റാങ്ക് 200 നുള്ളിൽ വരുന്ന ഗവേഷണ സൗകര്യങ്ങൾ ഉള്ള കോളജുകളെയാണ് തിരഞ്ഞെടുക്കുക.
- വർഷം 2 കോടി രൂപ വീതം 5 വർഷം ഈ കൊളേജുകൾക്ക് നൽകണം.
- കോളേജ് പ്രിൻസിപ്പൽ മെമ്പർ സെക്രട്ടറിയും അറിയപ്പെടുന്ന ഒരു വിദ്യാഭ്യാസ വിചക്ഷണൻ ചെയർപേഴ്സണുമായി ഗവേണിങ് ബോഡി ഉണ്ടാകണം.
- PSC യോ സമാനമായ ഒരു സംവിധാനമോ വഴി തികച്ചും ഗുണമേന്മയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ തിരഞ്ഞെടുക്കണം.
- കോൺസ്റ്റിറ്റ്യുവന്റ് കോളേജിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരെ സ്ഥലം മാറ്റാൻ പാടില്ല.

**അക്കാദമിക് രംഗത്തെ പരസ്പര ബന്ധങ്ങൾ വർധിപ്പിക്കൽ**

- കേരളത്തിലെ സർവ്വകലാശാലകളിലേയ്ക്ക് പ്രവാസി പണ്ഡിതരേയും ഗവേഷകരേയും ആകർഷിക്കണം. ഇതിനായി അവരുടെ യാത്ര, താമസം, ഗവേഷണം എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഫണ്ട് രൂപീകരിക്കണം . കേരളത്തിൽ നിന്നുള്ള അദ്ധ്യാപകർക്ക് മറ്റ് ഗവേഷകരുടെ കൂടെ ഗവേഷണം നടത്തുന്നതിന് ഗവേഷണ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തണം.
- പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മകൾ കൂടുതലായി ചേർന്നുകൊണ്ട് അവരുമായി സ്ഥാപനങ്ങൾക്കുള്ള ബന്ധം ശക്തമാക്കണം. പൂർവ്വ വിദ്യാർത്ഥികളുടെ പ്രതിനിധികളെ സ്ഥാപനങ്ങളിലെ സമിതികളിൽ ഉൾപ്പെടുത്തണം.
- സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പൗരപ്രമുഖരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ച് അവരെക്കൂടി സ്ഥാപനത്തിന്റെ വികസനത്തിൽ പങ്കാളികളാക്കണം.

**സർവ്വകലാശാല ഭരണം**

- സർവ്വകലാശാലയിലെ ഏറ്റവും പ്രധാനപ്പെട്ട ഭരണ സമിതി അക്കാദമിക് കൗൺസിൽ ആയിരിക്കണം. അക്കാദമിക്കും ഭരണപരവുമായ മേഖലകൾ കൃത്യമായി വേർതിരിച്ച് നിർത്തുന്ന തരത്തിൽ സർവ്വകലാശാലാ നിയമങ്ങളിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ട്.
- അക്കാദമിക് കൗൺസിലിന്റെ വലുപ്പം യോഗങ്ങൾ കൂടുന്നതിന് തടസ്സം ആകുന്ന സാഹചര്യത്തിൽ ഭരണ നിർവഹണത്തിന് വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ രൂപീകരിക്കണം. ഇവ മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരണം.
- ദൈനംദിന അക്കാദമിക് ഭരണനിർവഹണം നിയമം മൂലം വൈസ് ചാൻസലറെ ചുമതലപ്പെടുത്തേണ്ടതാണ്. പ്രൊ വൈസ് ചാൻസലർ, ഡീൻമാർ, വകുപ്പ് മേധാവികൾ, സെന്റർ ഡയറക്ടർമാർ തുടങ്ങിയവർക്കും ചുമതലകൾ വീതിച്ചു നൽകണം.
- ഭരണപരമായ കാര്യങ്ങളിൽ സിൻഡിക്കേറ്റ് പരമാധികാര സമിതിയായിരിക്കണം. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ വൈസ് ചാൻസലർ സിൻഡിക്കേറ്റ് നിശ്ചയിച്ച പോളിസികൾക്കകത്ത് നിന്ന് തീരുമാനങ്ങൾ എടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥനായിരിക്കണം.

- സിൻഡിക്കേറ്റിന്റെ അധികാരങ്ങൾ പുനർനിർണ്ണയിക്കണം.
- സെനറ്റിനു പകരം ഒരു ബോർഡ് ഓഫ് ഗവർണേഴ്സ് അഥവാ ബോർഡ് ഓഫ് റീജന്റ്സ് സ്ഥാപിക്കുകയും ഇതിൽ സർക്കാർ, സാഹിത്യരംഗം, സാംസ്കാരിക രംഗം, പൊതുസമൂഹം ഇങ്ങനെ പല മേഖലയിലുള്ളവർ ഉണ്ടാകണം. പ്രഗത്ഭനായ ഒരാളെ ഇതിന്റെ ചെയർപേഴ്സണായി തിരഞ്ഞെടുക്കണം. വൈസ് ചാൻസലർ ഇതിന്റെ മെമ്പർ സെക്രട്ടറിയായിരിക്കണം.

**ഡിജിറ്റൽ സൗകര്യങ്ങൾ**

- ഉന്നത വിദ്യാഭ്യാസത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന ഡിജിറ്റൽ സൗകര്യങ്ങൾ ഒരുക്കുക എന്നതിന് പ്രാധാന്യം നൽകണം. ഉന്നത വിദ്യാഭ്യാസത്തിനായുള്ള ബഡ്ജറ്റിന്റെ 30 മുതൽ 40 ശതമാനം വരെ ഇതിനായി മാറ്റിവയ്ക്കണം.
- ഏറ്റവും പുതിയ സൗകര്യങ്ങൾ ഒരുക്കുകയും അതിൽ അദ്ധ്യാപകർക്ക് പരിശീലനം ലഭ്യമാക്കുകയും ചെയ്യണം.
- അതിവേഗ ഇന്റർനെറ്റ് കണക്ഷൻ, കംപ്യൂട്ടർ അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കണം.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കണം.

**ഭാഷ**

- മലയാളം ശക്തിപ്പെടുത്തുന്നതിനും മലയാള ഭാഷയിൽ അറിവ് ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും വേണ്ട സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനും പ്രാമുഖ്യം നൽകുകയും അതോടൊപ്പം ഇംഗ്ലീഷും മറ്റ് ലോകഭാഷകളും പഠിക്കുന്നതിനും സാധിക്കണം.
- മലയാളത്തിൽ ഭാഷാ ശാസ്ത്രം, പ്രോഗ്രാമ്മിംഗ്, ലാംഗ്വേജ് പ്രോസസിങ്ങ് എന്നിവയിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കണം. മലയാളത്തിൽ അറിവിന്റെ ശേഖരം സൃഷ്ടിക്കുന്നതിന് ധനസഹായം ചെയ്യണം.
- വിജ്ഞാന ഗ്രന്ഥങ്ങൾ മലയാളത്തിൽ ലഭ്യമാക്കുന്നതിന് ജ്ഞാനകേരളം മിഷൻ ആരംഭിക്കണം.
- തിരഞ്ഞെടുക്കപ്പെടുന്ന വിവർത്തന പ്രൊജക്റ്റുകൾക്ക് സാമ്പത്തിക സഹായം നൽകണം.
- മലയാള സർവ്വകലാശാല, സാഹിത്യ അക്കാദമി , ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപങ്ങളെ സംയോജിപ്പിച്ച് അറിവിന്റെ നിർമ്മിതി, വിവർത്തനം, പ്രസാധനം എന്നിവ ഏകോപിപ്പിക്കണം.

**ഫണ്ടിംഗ്**

- GER 75 ശതമാനം ആയി ഉയർത്തണമെങ്കിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ മുതൽമുടക്ക് 21087 കോടി രൂപയായി ഉയരണം. 60 ശതമാനം ആയി ഉയർത്തണമെങ്കിൽ മുതൽമുടക്ക് 14695 കോടി രൂപയായി ഉയരണം. വരുന്ന 10 വർഷം കൊണ്ട് ഈ തുകയിലേക്ക് എത്തിക്കുന്നതിന് പ്രതിവർഷം 14 ശതമാനം വീതം വിഹിതം വർദ്ധിക്കേണ്ടതുണ്ട്.
- അടുത്ത 10 വർഷം കൊണ്ട് ഇപ്പോഴുള്ള 26.1 ശതമാനത്തിൽ നിന്ന് 33 ശതമാനം ആയി വിദ്യാഭ്യാസരംഗത്തെ മുതൽമുടക്ക് വർധിപ്പിക്കണം. പുതിയ കോളേജുകൾ, കോഴ്സുകൾ, കൂടുതൽ സീറ്റുകൾ, സ്കോളർഷിപ്പുകൾ, കൂടുതൽ ലബോറട്ടറി സൗകര്യങ്ങൾ എന്നിവ ലഭ്യമാകണമെങ്കിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള പ്ലാൻ ഫണ്ടിൽ വർദ്ധനയുണ്ടാകണം.
- 5000 കോടി രൂപയുടെ കേരള ഉന്നത വിദ്യാഭ്യാസ ഫണ്ട് (KHEF) ആരംഭിക്കുക. ഇത് മാനേജ് ചെയ്യുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ഒരു കമ്പനി ആരംഭിക്കണം. കമ്പനികളുടെ CSR ഫണ്ട്, പൊതു ജനങ്ങൾ ഇങ്ങനെ പല സ്രോതസ്സുകളിൽ നിന്നായി ഫണ്ട് സ്വരൂപിക്കണം.

- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് 2 വർഷത്തിനുള്ളിൽ 500 കോടിയിലേക്കും 5 വർഷത്തിനുള്ളിൽ 1000 കോടിയിലേക്കും വർധിപ്പിക്കണം.
- പുതിയ കോളേജുകൾ സ്ഥാപിക്കുക, സീറ്റ് വർധിപ്പിക്കുക, സർക്കാർ നിയന്ത്രിത സ്വാശ്രയ സ്ഥാപനങ്ങളുടെ നിലവാരം വർധിപ്പിക്കുക, ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാല ഡിജിറ്റൽ സർവ്വകലാശാല ഇവയെ സംയോജിപ്പിച്ച് ഡിജിറ്റൽ വിഭവങ്ങളുടെ ഒരു ശേഖരം ഒരുക്കുക തുടങ്ങിയ ആവശ്യങ്ങൾക്ക് ഈ ഫണ്ട് വിനിയോഗിക്കണം.

**സെക്ഷൻ ഓഫീസർ**